ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ കണക്കെടുത്തിട്ടില്ല.

ശ്രീ. വി. കെ. രാജൻ: അടുത്ത ദിവസം കൊച്ചിയിൽനിന്നും ഒരു കപ്പലിനു പോകാൻ കഴിഞ്ഞില്ലെന്ന ഒരു വാർത്ത പത്രത്തിൽ വായിക്കുകയുണ്ടായി. 120 ആളുകൾക്കു യാത്രചെയ്യാൻ സൗകര്യമുണ്ടായിരുന്നിട്ടും 60 ആളുകളെ മാത്രമേ കിട്ടിയുള്ളു എന്നതുകൊണ്ട് യാത്ര മാറ്റി വച്ചതായി വാർത്ത കണ്ടു. അതു ശരിയാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അങ്ങനെ ഒരു പരാതി ലഭിച്ചിട്ടില്ല. ആ വാർത്തയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. എം. കെ. കേശവൻ: ഗൾഫ് രാജ്യങ്ങളിലേക്കു കൂടുതൽ ആളുകൾ ഇന്നു പോകുന്നതുകൊണ്ട് കപ്പൽ വഴി ഗൾഫിലേക്കു പോകുന്ന മാർഗ്ഗത്തെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആ നടപടി എന്നേയ്ക്കു ആകുമെന്നു പറയാൻ കഴിയുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: മൂന്നു മൂന്നര മണിക്കൂർ കൊണ്ട് ഗൾഫിലേക്കു പോകാനുള്ള യാത്രാസൗകര്യം നിലവിലുള്ളപ്പോൾ കൂടുതൽ സമയമെടുത്തു പോകാൻ ആളുകളെ കിട്ടുകയില്ലെന്ന രീതിയിൽ ഗവൺമെന്റ് അക്കാര്യം ആലോചിക്കുന്നില്ല.

ശ്രീ. കെ. സുകുമാരനുണ്ണി: ഗവൺമെന്റ് ഇങ്ങനെ ഒരു ഗതാഗതത്തിനുള്ള സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ലെന്നു പറഞ്ഞു. എന്നാൽ ഗവൺമെന്റിനു ബന്ധമുള്ള ഷിപ്പിംഗ് കോർപ്പറേഷനെക്കൊണ്ട് ഇങ്ങനെ ഒരു നടപടി സ്വീകരിപ്പിക്കുമോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: യാത്രയ്ക്കു ഒരു കപ്പൽ വേണമെന്ന് ആഗ്രഹിക്കത്തതുകൊണ്ട് ഷിപ്പിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്താൻ സാദ്ധ്യമല്ല. ചരക്കു കയറ്റി അയക്കുന്നതിൽ പ്രയോജനമുണ്ടോ എന്നു ആലോചിക്കാം.

കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവയുടെ വിവർത്തനം

*404 [428] ശ്രീ. പി. ആർ. ശിവൻ:

ശ്രീ. ടി. കെ. രാമകൃഷ്ണൻ:

ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിയമങ്ങൾ, വിജ്ഞാപനങ്ങൾ തുടങ്ങിയവ മലയാളത്തിൽ വിവർത്തനം ചെയ്തു അച്ചടിക്കുന്നതിനുവേണ്ടി കേന്ദ്രം വല്ല തുകയും അനുവദിക്കുകയുണ്ടായോ;

(ബി) എങ്കിൽ എത്ര;

(സി) ഇത്തരം വിവർത്തനങ്ങൾ അച്ചടിക്കുന്നതു ഏതു പ്രസ്സിലാണ്?

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. കെ. നാരായണക്കുറുപ്പ്): (എ), (ബി). കേന്ദ്ര നിയമങ്ങൾ പരിഭാഷപ്പെടുത്തുന്നതിനും പരിഭാഷപ്പെടുത്തിയവ അച്ചടിക്കുന്നതിനും ചെലവാകുന്ന തുക കേന്ദ്രം സംസ്ഥാനത്തിനു മടക്കിത്തരുന്നുണ്ട്. 400 വാക്കുകളിൽ കുറയാത്ത

LIBRARY ARCHIVES Kerala Legislative Assembly

അച്ചടിച്ച വശമൊന്നിന് 40 രൂപ എന്ന നിരക്കാണ് കേന്ദ്ര ഗവൺമെൻറ് നിശ്ചയിച്ചിരിക്കുന്നത്. 1977 നു മുമ്പു ഈ ഇനത്തിലുള്ള തുക ബുക്ക് അഡ്ജസ്റ്റുമെൻറ് പ്രകാരം അക്കൗണ്ടൻറ് ജനറൽ വഴിക്കാണ് ലഭിച്ചിരുന്നത്. 1977 മുതലാണ് ഈ ഇനത്തിലുള്ള തുക ഡിമാൻറ് ഡ്രാഫ്റ്റായി ലഭിച്ചു തുടങ്ങിയത്. 1977ൽ ഈ ഇനത്തിൽ 16,310 രൂപ ലഭിച്ചിട്ടുണ്ട്. 1977 നു ശേഷം ഈ ഇനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല. വിജ്ഞാപനങ്ങളും മലയാളത്തിൽ വിവർത്തനം ചെയ്തു അച്ചടിക്കുന്നതിനു വേണ്ടി കേന്ദ്രം തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) ഗവൺമെൻറു പ്രസ്സിലാണ് അച്ചടിക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേന്ദ്ര ഗവൺമെൻറു ഇന്നയിന്ന കാര്യങ്ങളും മലയാളത്തിലാക്കണമെന്നു നിർദ്ദേശിക്കുകയാണോ അതോ മലയാളത്തിലാക്കണമെന്നുള്ള ആവശ്യം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുകയാണോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: കേന്ദ്ര ഗവൺമെൻറു പറയുന്നതനുസരിച്ചാണ് വിവർത്തനങ്ങളും ചെയ്യുന്നതും അച്ചടിക്കുന്നതും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്നയിന്നതെല്ലാം മലയാളത്തിലാക്കണമെന്നു നമ്മുടെ ഗവൺമെൻറിൻെറ ഭാഗത്തുനിന്നും നിർദ്ദേശം ഉണ്ടാകാറുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: പ്രാദേശിക തലത്തിൽ അറിയിക്കേണ്ട വിവരങ്ങളെല്ലാം പരിഭാഷപ്പെടുത്തണമെന്നു ആവശ്യപ്പെടാറുണ്ട്, അതെല്ലാം പരിഭാഷപ്പെടുത്താറുണ്ട്, അച്ചടിക്കാറുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങനെ ആവശ്യപ്പെട്ടതിൽ ഏതെങ്കിലും മലയാളത്തിലാക്കാൻ സാദ്ധ്യമല്ലെന്നുള്ള നിലപാടു കേന്ദ്ര ഗവൺമെൻറു സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കെ. നാരായണക്കുറുപ്പ്: അതു പരിശോധിച്ചു പറയാം.

ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി

*405 [429] ശ്രീ. പി. കരുണാകരൻ:
ശ്രീ. പി. ആർ. ശിവൻ:
ശ്രീ. എം. കെ. കൃഷ്ണൻ:
ശ്രീ. എ. പി. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമ സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ടുപോയ ഭൂമി വീണ്ടെടുത്ത് അവർക്ക് നൽകുന്ന നിയമത്തിന് എന്നാണ് കേന്ദ്രാനുമതി കിട്ടിയത്;

(ബി) ഈ നിയമപ്രകാരം എത്ര ആദിവാസികൾക്കു അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്ത് ഇതിനകം കൊടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) കൊടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly